# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2452** **17.08.2017 ലെ മറുപടി**

## പട്ടാമ്പിമണ്ഡലത്തിലെ തടയണകളുടെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുഹമ്മദ് മുഹസിൻ.പി:** | **മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) 2016-17, 2017-18 വർഷങ്ങളിലെ ബജറ്റിൽ പട്ടാമ്പി മണ്ഡലത്തിനായി പ്രഖ്യാപിച്ചിട്ടുള്ള തടയണകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) 2016-17 പുതിയ തടയണകൾ പ്രഖ്യാപിച്ചിട്ടില്ല. 2017-18 കിഫ്ബിയുടെ ധനസഹായത്തോടെ തിരുവേഗപ്പുറം പഞ്ചായത്തിൽ കാലടിക്കുന്ന് LIS ന് താഴെ റഗുലേറ്റർ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത തടയണകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; ലഭിച്ചിട്ടുണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) ഇല്ല. തിരുവേഗപ്പുറം പഞ്ചായത്തിലെ കാലടിക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ താഴെ റഗുലേറ്റർ നിർമ്മിക്കുന്നതിന് ഐ.ഡി.ആർ.ബിയിൽ നിന്നും രൂപകൽപ്പന ലഭിച്ചതിന് ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**